**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3669** **14-07-2022 - ൽ മറുപടിയ്ക്ക്**

**ത്രിതല മൃഗചികിത്സാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,**<br>**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**<br>**ശ്രീ. എ. പ്രഭാകരൻ,**<br>**ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മൃഗപരിപാലനത്തിലും ക്ഷീരോല്പാദനത്തിലും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടം നിലനിർത്തുന്നതിന് മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | • മൃഗചികിത്സയ്ക്കത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കി വരുന്നു.<br>• മൃഗചികിത്സ കർഷകരുടെ കൈയെത്തും ദൂരത്ത് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും കന്നുകാലി ക്ലിനിക്കുകളും വന്ധ്യതാനിവാരണ ക്ലിനിക്കുകളും നടത്തുന്നതിന് പദ്ധതിയുണ്ട്.<br>• പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉത്പ്പാദിപ്പിച്ച്, മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നു. നിലവിൽ പത്തിനം വാക്സിനുകളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്.<br>• കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് സേവനം നൽകുന്നത് . |
| (ബി) | സംസ്ഥാനത്ത് ആധുനിക രോഗനിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ത്രിതല മൃഗചികിത്സാ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യ പരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും, ജില്ലാതലത്തിൽ 14 ജില്ലാ |

| | | | |
|---|---|---|---|
| | | | വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധനാലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ